Deshabhimani
01/02/2022

ദേശാഭിമാനി

# ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ: ധാരണപത്ര ഇന്ന് ഒപ്പ് വയ്ക്കും

**തിരുവനന്തപുരം**

ഹരിതോർജ വികസനത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ക്ലീൻ എനർജി ഇന്റർനാഷണൽ ഇൻകുബേഷൻ സെന്ററുമായി സഹകരിച്ച് കേരളത്തിൽ ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച് ധാരണപത്രത്തിൽ ചൊവ്വാഴ്ച ഒപ്പ് വയ്ക്കും.

ഈ മേഖലയിലെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം പുനരുപയോഗ ഊർജ ഉൽപ്പാദനത്തിന്റെ പങ്കും സംസ്ഥാനത്തെ ഊർജ കാര്യക്ഷമതയും വർധിപ്പിക്കുന്നതിനായി ഒരു ക്ലീൻ എനർജി ഇൻകുബേഷൻ സെന്റർ സ്ഥാപിക്കുക എന്നതാണ് സഹകരണത്തിന്റെ പ്രധാന ലക്ഷ്യം.